**"CORRUPTION, A CRIME AGAINST NATION"**


വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393

തീയതി. 04.01.2025

# കൈക്കൂലി വാങ്ങിയ വില്ലേജ് ഓഫീസർ വിജിലൻസ് പിടിയിൽ.

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ വില്ലേജ് ഓഫീസറായ പോളി ജോർജ്ജ് 3,000/- രൂപ കൈക്കൂലി വാങ്ങവേ ഇന്ന് (04.01.2025) വിജിലൻസ് പിടികൂടി.

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ സ്വാദേശിയായ പരാതിക്കാരന്റെ അമ്മയുടെ പേരിൽ മാടക്കത്തറ വില്ലേജ് പരിധിയിൽപെട്ട 17 സെന്റ് സ്ഥലത്തിന് സമാന വസ്തുക്കൾക്ക് പട്ടയം ലഭിച്ചിട്ടും നാളിതുവരെ പട്ടയം ലഭിക്കാത്തതിനാൽ സമാന ഭൂമികൾക്ക് ലഭിച്ച പട്ടയത്തിന്റെ പകർപ്പ് ലഭിക്കുന്നതിന് 2024 ഏപ്രിൽ മാസം വിവരാവകാശനിയമപ്രകാരം അപേക്ഷ നൽകിയിട്ടും യാതൊരു രേഖയും ലഭിച്ചില്ല. തുടർന്ന് ഇക്കഴിഞ്ഞ മാസം 24 തിയതി വില്ലേജ് ഓഫീസറായ പോളി ജോർജ്ജിനെ നേരിൽ കണ്ടപ്പോൾ 3,000/- രൂപ കൈക്കൂലി നൽകിയാൽ രേഖകൾ വേഗത്തിൽ ലഭ്യമാക്കാമെന്ന് പറഞ്ഞതിനെ തുടർന്ന് 27-ാം തിയതി മാടക്കത്തറ വില്ലേജ് ഓഫീസിൽ അപേക്ഷ നൽകി. തുടർന്ന് വില്ലേജ് ഓഫീസറായ പോളി ജോർജ്ജ് കഴിഞ്ഞ 31-ാം തിയതി ഫോണിൽ വിളിച്ച് ഇന്ന് (04/01/2025) തിയതി 3,000/- രൂപ കൈക്കൂലി നൽകണമെന്ന് പറഞ്ഞതിനെ തുടർന്ന് പരാതിക്കാരൻ ഈ വിവരം തൃശ്ശൂർ വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചുവരവെ ഇന്ന് (04/05/2025) വൈകുന്നേരം 05:00 മണിക്ക് മാടക്കത്തറ വില്ലേജ് ഓഫീസിൽ വച്ച് 3,000/- രൂപ കൈക്കൂലി വാങ്ങവേ പോളി ജോർജ്ജിനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

2024-ൽ 34 ട്രാപ്പ് കേസ്സുകളിലായി 39 സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരെയും, 2 കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരെയും, 3 ഏജന്റമാരെയും ഉൾപ്പടെ ആകെ 44 പേരെ വിജിലൻസ് അറസ്റ്റ് ചെയ്തു. ഇതിൽ 16 പേർ റവന്യൂ വകുപ്പിൽ നിന്ന് മാത്രമാണ്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.